LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 115 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(സി) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ പ്രധാന ഘടകമായ ശുദ്ധജല വിതരണ പദ്ധതികളിൽ 75% ലോകബാങ്ക് വായ്പ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ്.

(ഡി) ഉണ്ട്. ബാച്ച് 1-ലെ 20 ഗ്രാമപഞ്ചായത്തിലും ബാച്ച് 2-ലെ 62 ഗ്രാമപഞ്ചായത്തിലും മൾട്ടി ജി.പി. പദ്ധതിക്കായി 12 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 21 ഗ്രാമപഞ്ചായത്തുകൾ ബാച്ച് 3 പദ്ധതിക്കായി കെ.ആർ.ഡബ്ല്യു.എസ്.എ.യുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. ബാച്ച് ഒന്നിൽ ചെറുതും വലുതുമായ 462 കുടിവെള്ള പദ്ധതികളുടെയും രണ്ടാം ബാച്ചിൽ ഏകദേശം 1219 പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയ്ക്ക് പുറമെ 12 പഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചായത്തു പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 626 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 1,70,000 പേർക്ക് ഇവയുടെ പ്രയോജനം ലഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## ജലവിഭവ വകുപ്പിന്റെ വാർഷിക പദ്ധതികൾ

151 (3585) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന്റെ ഇത്തവണത്തെ വാർഷിക പദ്ധതികൾ ഏവ ; അതിൽ കേന്ദ്രവിഹിതം എത്ര ; സംസ്ഥാന വിഹിതം എത്ര ;

(ബി) സംസ്ഥാന വിഹിതത്തിനുവേണ്ടി എത്ര രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട് ;

(സി) പാലക്കാട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നത് ; ഇതിനായി നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ജലസേചന വകുപ്പ്

| ക്രമ നം. | പദ്ധതികൾ | കേന്ദ്ര വിഹിതം (ലക്ഷം) | സംസ്ഥാന വിഹിതം (ലക്ഷം) |
|---|---|---|---|
| (1) | (2) | (3) | (4) |
| I | വൻകിട - ഇടത്തരം ജലസേചനം | | |
| 1 | ഇടമലയാർ ജലസേചന പദ്ധതി | | 2000 |
| 2 | മൂവാറ്റുപുഴ ജലസേചന പദ്ധതി | | 2000 |
| 3 | കാരാപ്പുഴ ജലസേചന പദ്ധതി | | 600 |
| 4 | ബാണാസുരസാഗർ ജലസേചന പദ്ധതി | | 250 |
| 5 | കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതി | | 2100 |
| 6 | ഭവാനി നദീതട പദ്ധതി | | 500 |
| 7 | അന്തർ സംസ്ഥാന വാട്ടർ ഹബ്ബ് | | 100 |
| 8 | പാട്ടിശ്ശേരി പദ്ധതി | | 1700 |
| 9 | വൻകിട ജലസേചന പദ്ധതി കളുടെ പര്യവേഷണം | | 150 |
| 10 | ജലസേചന വകുപ്പിലെ പ്രത്യേക പരിശീലന പരിപാടികളും വകുപ്പിന്റെ നവീകരണവും | | 53 |
| 11 | പോസ്റ്റ് ഫാക്ടോ ഇവാല്യൂവേഷൻ | | 5 |
| 12 | പര്യവേഷണരൂപകല്പന വിഭാഗത്തിന്റെ ആധുനീകരണം | | 435 |
| 13 | റിവർ ബേസിൻ ഓർഗനൈസേഷനുകളുടെ രൂപീകരണം | | 100 |
| 14 | അണക്കെട്ടുകളുടെ സുരക്ഷാ സംഘടനയും സുരക്ഷാ പ്രവർത്തനങ്ങളും | | 200 |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | കേരളത്തിലെ ജലസേചന സംവിധാനങ്ങളുടെ ഫലവത്തായ ജലസേചന പരിപാലനത്തിനു വേണ്ടി ബഞ്ച് മാർക്കിംഗ് നടപ്പാക്കൽ | | 5 |
| 16 | ഡാം പുനരുദ്ധാരണവും വികസനവും (DRIP) | | 4000 |
| 17 | മുല്ലപ്പെരിയാർ പദ്ധതി | | 2000 |
| 18 | വൻകിട പദ്ധതികളുടെയും കാഡ കനാലുകളുടെയും ഫീൽഡ് ചാനലു കളുടെയും ആധുനികവത്ക്കരണം | | 2800 |
| 19 | എ.ഐ.ബി.പി. | 6300 | |
| | ആകെ | | 18998 |

II ചെറുകിട ജലസേചനം - ഉപരിതല ജലവികസനം

| | | | |
|---|---|---|---|
| 1 | ലിഫ്റ്റ് ഇറിഗേഷൻ | | 562 |
| 2 | ചെറുകിട ജലസേചനം -ക്ലാസ് 1 | | 3850 |
| 3 | ചെറുകിട ജലസേചനം -ക്ലാസ് 2 | | 400 |
| 4 | ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ | | 100 |
| 5 | നബാർഡിന്റെ സഹായത്തോ ടെയുള്ള ചെറുകിട ജലസേചന പദ്ധതികൾക്കു വേണ്ടി പദ്ധതി കൾ തയ്യാറാക്കലും ചെറുകിട ജലസേചന പദ്ധതികളുടെ വിശദമായ അന്വേഷണ പര്യ വേഷണവും | | 10 |
| 6 | ജലാശയങ്ങളുടെ റിപ്പയർ, പുനരുദ്ധാരണവും നവീകരണവും (25% കേന്ദ്രവിഹിതം) | 667 | 2600 |
| 7 | 14ാം ധനകാര്യ കമ്മീഷൻ | | 1250 |
| | ആകെ | | 8772 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

III വെള്ളപ്പൊക്ക നിവാരണവും തീരദേശ പരിപാലനവും

| | | | |
|---|---|---|---|
| 1 | വെള്ളപ്പൊക്ക നിവാരണവും (കുട്ടനാട് പാക്കേജ് 25% സംസ്ഥാന വിഹിതം) | 15000 | 5000 |
| 2 | തീരദേശ പരിപാലനം | | 35 |
| | ആകെ | | 5035 |

IV ഭൂജല വകുപ്പ്

| | | |
|---|---|---|
| 1 | ഭൂജലത്തിന്റെ അന്വേഷണവും വികസനവും | 1016 |
| 2 | ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും | 10 |
| 3 | ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി | 4 |
| 4 | രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 100 |
| 5 | ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും | 40 |
| 6 | നാഷണൽ ഹൈഡ്രോളജി പ്രോജക്ട് | 1 |
| | ആകെ | 1171 |

V കാഡ

| | | |
|---|---|---|
| ഭരണച്ചെലവിനായി വകയിരുത്തിയത് | 82.5 | 82.5 |
| പഴശ്ശി | 37.5 | 37.5 |
| കാഞ്ഞിരപ്പുഴ | 50 | 50 |
| കല്ലട | 120 | 120 |
| മൂവാറ്റുപുഴ | 110 | 110 |
| ഫീൽഡ് ചാനലുകളുടെയും ഡ്രെയിനേജുകളുടെയും ആധുനികവത്ക്കരണം | | 400 |
| ആകെ | 400 | 800 |
| VI സി.ഡബ്ല്യു.ആർ.ഡി.എം.-നുള്ള സഹായം | | 25 |
| ആകെ (I+II+III+IV+V+VI) | | 34801 |

LIBRARY ARCHIVES Kerala Legislative Assembly

<u>കേരള ജല അതോറിറ്റി</u>

കേരള ജല അതോറിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഇതിൽ കേന്ദ്ര വിഹിതമായി 120 കോടി രൂപയും സംസ്ഥാന വിഹിതമായി 671.80 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു. (സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്ന 671.80 കോടി രൂപയിൽ പദ്ധതികൾക്കായി 631.80 കോടി രൂപയും എൽ.എ.സി.-എ.ഡി.എഫ്. പദ്ധതികൾക്കായി പദ്ധതിയേതര വിഹിതമായി 40 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു).

<u>ജലനിധി</u>

ജലനിധിയുമായി ബന്ധപ്പെട്ട വാർഷിക പദ്ധതികൾ ചുവടെ ചേർക്കുന്നു.

- ജലനിധിയുടെകൂടെ ചേർക്കപ്പെട്ട പദ്ധതി

കേന്ദ്രവിഹിതം - ഇല്ല

സംസ്ഥാന വിഹിതം - 264.42 കോടി രൂപ

(ഇത് എക്സ്റ്റേർണലി എയ്ഡഡ് പ്രോജക്ടാണ്. ലോകബാങ്കിൽനിന്നും ബാക് ടു ബാക് ക്രമീകരത്തിലൂടെയുള്ള വായ്പ കേന്ദ്രസർക്കാരിലൂടെ അധിക കേന്ദ്ര സഹായമായി ലഭിക്കുന്നുണ്ട്. ഈയിനത്തിൽ നടപ്പുസാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും 204 കോടി രൂപ ലോകബാങ്ക് വായ്പ തുക പ്രതീക്ഷിക്കുന്നുണ്ട്).

- മഴവെള്ളക്കൊയ്ത്തിന്റെയും കെ.ആർ.ഡബ്ല്യു.എസ്.എ.യിലൂടെ ഭൂജല പരിപോഷണ പരിപാടിയുടെയും അളവുയർത്തൽ

കേന്ദ്രവിഹിതം -ഇല്ല

സംസ്ഥാന വിഹിതം - 4.20 കോടി രൂപ.

(ബി) <u>ജലസേചന വകുപ്പ്</u>

സംസ്ഥാന വിഹിതമായി 34,801 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി</u>

സംസ്ഥാന വിഹിതമായി 631.80 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

<u>ജലനിധി</u>

- ജലനിധിയുടെ കൂടെ ചേർക്കപ്പെട്ട പദ്ധതി - 264.42 കോടി
- മഴവെള്ളക്കൊയ്ത്തിന്റെയും കെ.ആർ.ഡബ്ല്യു.എസ്.എ.യിലൂടെ ഭൂജല പരിപോഷണ പരിപാടിയുടെയും അളവുയർത്തൽ - 4.20 കോടി രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലസേചനവും ഭരണവും

ഈ സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ ഭവാനി നദീതട പദ്ധതികൾക്കുവേണ്ടി 550 ലക്ഷം രൂപയുടെയും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിന് 100 ലക്ഷം രൂപയുടെയും പദ്ധതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

കേരള ജല അതോറിറ്റി

പാലക്കാട് ജില്ലയിൽ എൻ.ആർ.ഡി.ഡബ്ല്യു.പി., നബാർഡ്, ആസ്തി വികസന ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 2014 എസ്.എൽ.എസ്.സി.യിൽ ഉൾപ്പെടുത്തി അഗളി പഞ്ചായത്തിനു വേണ്ടി 40 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് അനുമതി തേടിയിരുന്നു. അതിൽ ഒന്നാം ഘട്ടമായി 11.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കൊപ്പം കുടിവെള്ള പദ്ധതിക്ക് 200 കോടി രൂപയ്ക്ക് നബാർഡിൽനിന്നും 03/2015 -ൽ അനുമതി കിട്ടിയിട്ടുണ്ട്. ഓങ്ങല്ലൂർ, വല്ലപ്പുഴ പദ്ധതിക്ക് 15 കോടി രൂപയ്ക്ക് 03/2015-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജലത്തിൽ ഫ്ളൂറൈഡ് ഏറ്റവും അധികമുള്ള ജില്ല എന്ന നിലയിൽ കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾക്കായി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ശ്രീകൃഷ്ണപുരം, തൃക്കടേരി I, II, III, ചാലിശ്ശേരി എന്നിവിടങ്ങളിലേയ്ക്കുള്ള കുടിവെള്ള പദ്ധതികൾക്കായുള്ള വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ഐ.ഡി.ആർ.ബി.

പാലക്കാട് ജില്ലയിലെ മലമ്പുഴ ഡാമിന്റെ സംരക്ഷണപ്പണികൾക്കായി ഏകദേശം 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

പദ്ധതി വിഭാഗം I

ഇന്റർസ്റ്റേറ്റ് വാട്ടർ ഹബ്ബിന്റെ നിർമ്മാണം, ഇതിനായി ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

ഭൂജല വകുപ്പ്

ഭൂജല വകുപ്പിന് ലഭിക്കുന്ന പദ്ധതി വിഹിതം എല്ലാ ജില്ലകൾക്കും വേണ്ടിയാണ് വിനിയോഗിക്കുന്നത്. 2015-16 ൽ വകുപ്പിന്റെ പദ്ധതി വിഹിതത്തിനുവേണ്ടി പാലക്കാട് ജില്ലയിൽ ഇതുവരെ തുക അനുവദിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ രണ്ടാം ബാച്ചിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ 35 ചെറുകിട കുടിവെള്ള പദ്ധതികളും ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ ഒരു ബൃഹത് കുടിവെള്ള പദ്ധതിയും നടപ്പാക്കിവരുന്നു. ചെറുകിട കുടിവെള്ള പദ്ധതികൾക്കായി 5.69 കോടി രൂപയുടെ സാങ്കേതികാനുമതിയും ബൃഹത് പദ്ധതികൾക്കായി 10.286 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ചെലവിന്റെ 75% സർക്കാരും 15% ഗ്രാമപഞ്ചായത്തും 10% പദ്ധതി ഗുണഭോക്താക്കളുമാണ് വഹിക്കുന്നത്. ജലനിധി മൂന്നാം ബാച്ചിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നിന്നും കൊടുവായൂർ പറളി മങ്കര എന്നീ മൂന്നു പഞ്ചായത്തുകളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

കാഡ

കാഞ്ഞിരപ്പുഴ പദ്ധതിയാണ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന കാഡ പദ്ധതി. പ്രസ്തുത പദ്ധതിക്കായി 100 ലക്ഷം രൂപ നടപ്പുവർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ "ഫീൽഡ് ചാനലുകളുടെയും ഡ്രെയിനേജുകളുടെയും ആധുനികവത്ക്കരണം" എന്ന പദ്ധതിയിലും പാലക്കാട് ജില്ല ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിക്കായി 400 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

## ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങൾ

152 (3586) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ ഉപയോഗശൂന്യമായ എത്ര ഏക്കർ സ്ഥലമാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി മറ്റ് വകുപ്പുകൾക്കോ സ്ഥാപനങ്ങൾക്കോ ലീസിന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഏതൊക്കെ വകുപ്പുകൾക്ക്, ഏതൊക്കെ സ്ഥാപനങ്ങൾക്ക്, ഏതൊക്കെ ജില്ലകളിൽ ലീസിന് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.